**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3763** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി /പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി /പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നുണ്ടോ; ഇവരുടെ ഒഴിവുകൾ നികത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി പ്രൊമോട്ടർമാർ നിലവിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നില്ല. പ്രൊമോട്ടർമാരുടെ പുതിയ അപേക്ഷകൾ ക്ഷണിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകൾ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തി വരുന്നുണ്ട്. |
| (ബി) | നിലവിലുള്ള ഇത്തരം പ്രൊമോട്ടർമാരുടെ പ്രവർത്തനം വിലയിരുത്താൻ എന്തു നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | എല്ലാ ബുധനാഴ്ചകളിലും പട്ടികജാതി വികസന ഓഫീസർമാർ പട്ടികജാതി പ്രൊമോട്ടർമാരുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ദൈനംദിന പ്രവർത്തനങ്ങൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അതിനു മുകളിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തലത്തിലും വിലയിരുത്തി വരുന്നുണ്ട്. പ്രതിവാര, പ്രതിമാസ മീറ്റിംഗുകൾ, വർക്ക് ഡയറി പരിശോധന എന്നിവ മുഖേനയും ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| (സി) | സേവന രംഗത്തെ ഇവരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | പട്ടികജാതി പ്രൊമോട്ടർമാർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലനം കിലയിൽ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ബോധവൽക്കരണ പരിപാടികളും സെമിനാറുകളും ആവശ്യം വരുന്ന സന്ദർഭങ്ങളിൽ നടത്തുന്നുണ്ട്. |
| (ഡി) | കാലോചിതമായി ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം കാലോചിതമായി പരിഷ്കരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | 02/12/2019-ലെ സ.ഉ(സാധാ)നം.1322/2019/ പജപവവിവ ഉത്തരവ് പ്രകാരം പട്ടികജാതി പ്രൊമോട്ടർമാരുടെ ഓണറേറിയം 7,000/-രൂപയിൽ നിന്നും 10,000/-രൂപയായും, 25/11/2019-ലെ സ.ഉ(സാധാ)നം.1294/2019/ പജപവവിവ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഓണറേറിയം 9,000/-രൂപയിൽ നിന്നും 12,500/-രൂപയായും, 01/09/2019-ലെ സ.ഉ(സാധാ)നം.972/2019/ പജപവവിവ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ യാത്രാബത്ത 625/-രൂപയിൽ നിന്നും 1,000/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ